17. കെ. പി. ഉണ്ണിമോൻ

18. കെ. വിക്രമൻ

19. എ. എസ്. മോഹനൻ

20. ഇ. കെ. ശശീന്ദ്രൻ

21. ജഗജീവൻ റാം

(എഫ്) ഇല്ല.

(ജി) & (എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) ഇത്തരത്തിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ജെ) ചോദ്യം ഉദിക്കുന്നില്ല.

നിയമപരിഷ്കരണം നടപ്പിലാക്കുന്നതിന് പ്രത്യേക നിയമസഭാ സമ്മേളനം

162 (6334) ശ്രീ. ആനത്തലവട്ടം ആനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ പരിഷ്കരണം സംബന്ധിച്ച് പഠനം നടത്തുവാൻ കമ്മീഷനെ നിയമിച്ചിരുന്നുവോ;

(ബി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചുവോ;

(സി) അതിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ഡി) നിയമ പരിഷ്കരണം എന്ന് നിലവിൽ വരും;

(ഇ) നിയമ പരിഷ്കരണം നടപ്പിലാക്കുന്ന കാര്യം ചർച്ച ചെയ്യുന്നതിനായി പ്രത്യേക നിയമസഭാ സമ്മേളനം വിളിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) നിയമ പരിഷ്കരണം സംബന്ധിച്ച് പഠനം നടത്തുവാൻ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമ പരിഷ്ക്കരണ കമ്മീഷനെ നിയമിച്ചിരുന്നു.

(ബി) സമർപ്പിച്ചു.

(സി)-(ഇ) കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly